# മാപ്പിളപ്പാട്ടിന്റെ സാധ്യതകൾ

എം. എൻ. കാരശ്ശേരി



മാപ്പിളപ്പാട്ടിന്റെ സാധ്യതകൾ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Cottage Door, a painting by William Kay Blacklock (1872–1924). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മാപ്പിളപ്പാട്ടിന്റെ സാധ്യതകൾ

തീർച്ചയായും ആലോചനയ്ക്കെടുക്കേണ്ട ഒരു വിഷയമാണത്—മാപ്പിളപ്പാട്ടിന്റെ ഇക്കാലത്തെ സാധ്യതകൾ എന്തെല്ലാമാണ്?

കാരണമെന്താണെന്നല്ലേ: നമ്മുടെ നാടൻ ഗാനസാഹിതിയിൽ മാപ്പിളപ്പാട്ട് ഒന്ന് മാത്രമേ ഇപ്പോഴും സജീവമായി നിലനിൽക്കുന്നുള്ളൂ. വടക്കൻപാട്ടും തെക്കൻപാട്ടുമെല്ലാം ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞു. പുതിയ കാലത്ത് വടക്കൻപാട്ടും തെക്കൻപാട്ടുമില്ല. മാപ്പിളപ്പാട്ട് ഇപ്പോഴും ഉൽപ്പാദനക്ഷമതയുമായി നിലനിന്നുപോരുന്നു. പണ്ടെന്നപോലെ ഇന്നും ഭാവങ്ങളും വികാരങ്ങളും ആശങ്കകളും സ്വപ്നങ്ങളും ആവിഷ്കരിക്കുവാൻ ആ ഗാനസാഹിതി പ്രാപ്തമാണ്—ദുബായിലേക്ക് അയച്ച 'കത്തുപാട്ട്' ഒരു ദാഹരണം മാത്രം.

ഉദാഹരണങ്ങൾ വേറെയുമുണ്ട്: തെരഞ്ഞെടുപ്പ് കാലത്ത് ഏതാണ്ട് എല്ലാ പാർട്ടികളും മലബാറിൽ മാപ്പിളപ്പാട്ടുകളിലൂടെ പ്രചാരണം നടത്തുന്നതു കേട്ടിട്ടില്ലേ? മാപ്പിളസമൂഹത്തിൽ എന്നും പതിവുള്ള കക്ഷിവഴക്കുകളുടെ ഭാഗമായി ആശയപ്രചാരണത്തിനും പരിഹാസത്തിനും വിമർശനത്തിനുമൊക്കെ പല ഇശലുകളിൽ 'പാട്ടുകെട്ടുന്നത്' പതിവാണ്.

ഇതിന്റെ സാദ്ധ്യതയെപ്പറ്റി ആളുകൾക്ക് അറിയാം എന്നർത്ഥം. പിന്നെ ഇപ്പോഴത്തെ ഈ ചർച്ചയോ?

ആ സാദ്ധ്യതയുടെ മട്ടും മാതിരിയും എന്താണ്, ആ സാധ്യത ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റി ഓർത്തുവെയ്ക്കേണ്ട സംഗതികൾ എന്തൊക്കെയാണ് തുടങ്ങിയ വിഷയങ്ങളാണ് ഇവിടെ ആലോചനക്കെടുക്കേണ്ടത്.



പി. ഭാസ്ക്കരൻ

മാപ്പിളപ്പാട്ടിന്റെ സാധ്യത പ്രാഥമികമായി കുടികൊള്ളുന്നത് അതിന്റെ സംഗീതത്തിലാണ്—ഈണത്തിൽ ആളുകളെ ഇത്രയേറെ സ്പർശിക്കുന്ന മറ്റൊരു ഗാനാവിഷ്കാരവും ഇല്ല. ഭംഗിയായി ആ ഈണം ഉപയോഗിച്ചാൽ സമുദായഭേദമില്ലാതെ അത് ഹൃദയഹാരിയായിത്തീരും എന്നതിനു വേണ്ടത്ര തെളിവുകളുണ്ട്. കേരളത്തിൽ ഏറ്റവും പ്രസിദ്ധമായിത്തീർന്ന മാപ്പിളപ്പാട്ട് ഓർത്തു നോക്കൂ. പി. ഭാസ്ക്കരൻ "നീലക്കുയിൽ" എന്ന സിനിമക്കു (1954) വേണ്ടി എഴുതിയ "കായലരികത്ത്" എന്നു തുടങ്ങുന്ന പാട്ടാണ് ഞാനുദ്ദേശിക്കുന്നത്. നമ്മുടെ സിനിമാക്കാർക്കും നാടകക്കാർക്കും ജാഥക്കാർക്കുമൊക്കെ മാപ്പിളപ്പാട്ടിലെ ഈണങ്ങളുടെ അത്ഭുതകരമായ സിദ്ധിവശേഷം അറിയാം. പ്രണയം, യുദ്ധം, ശോകം, ഹാസ്യം തുടങ്ങിയവ ചിത്രീകരിക്കുവാൻ ആ ഈണഭേദങ്ങൾക്ക് നല്ല സാമർത്ഥ്യമുണ്ട്. അതിലെ ദ്രുതതാളങ്ങൾക്ക് പലതിനും, ആധുനികകാലത്തെ പോപ് സംഗീതത്തെപ്പോലെ, കേൾക്കുന്നവനെ ഒപ്പം കൂട്ടുവാനുള്ള മിടുക്കുണ്ട്. ഞാൻ ആവർത്തിച്ചു പറയാൻ താൽപര്യപ്പെടുന്ന ആ ഈണമാണ്, താളമാണ് മാപ്പിളപ്പാട്ടിന്റെ ജീവൻ; സാധ്യതയും.

സംഗീതത്തിന് മതവും ജാതിയും ഇല്ല; അതുപോലുള്ള വകഭേദങ്ങളും ഇല്ല. മാപ്പിള എഴുതിയാലേ, മാപ്പിളപ്പാട്ടാവൂ. മാപ്പിളയുടെ മതവിശ്വാസം പ്രചരിപ്പിക്കുന്ന മട്ടിലായാലേ മാപ്പിളപ്പാട്ടാവൂ തുടങ്ങിയ ധാരണകൾ കയ്യൊഴിച്ചാലേ ആ സാധ്യത ഉപയോഗിക്കാനാവൂ. മാപ്പിളപ്പാട്ടിലെ പല പ്രാചീന കൃതികളെക്കുറിച്ചും "ഇസ്‌ലാമികവിരുദ്ധം" എന്ന് ആക്ഷേപിക്കുന്നവർ നേരത്തേതന്നെയുണ്ട്. ഉദാഹരണത്തിന്, കണ്ടുകിട്ടിയ മാപ്പിളപ്പാട്ടുകൃതികളിലേക്കു ഏറ്റവും പഴക്കമുള്ള 'മുഹ്‌യുദ്ദീൻമാല' (രചയിതാവ്: ഖാസി മുഹമ്മദ്—രചനാവർഷം: എ. ഡി. 1607) തന്നെ മതവിരുദ്ധമാണെന്ന് ചിലർക്ക് പണ്ടേ അഭിപ്രായമുണ്ട്. ഇത്തരം തർക്കങ്ങൾ കലാവിമർശനവുമായി ഒരു നിലയ്ക്കും ബന്ധപ്പെട്ടതല്ല. അവ വിശ്വാസപരമായ തർക്കങ്ങളാണ്; മതപണ്ഡിതന്മാരുടെ പ്രസംഗവിഷയങ്ങളുമാണ്. അല്ലാതെ, കലാചർച്ചയല്ല.

ഒരു പ്രത്യേക ഈണം ആസ്വദിക്കുക എന്നതാണ് ഇവിടത്തെ കലാസംബന്ധിയായ വിഷയം. ആ ഈണത്തിലൂടെ എന്തു പഠിക്കുന്നു എന്നത് അത്ര പ്രധാനമല്ല. ഒന്നും പഠിക്കുന്നില്ലായിരിക്കാം. ആസ്വദിക്കുന്നുണ്ടല്ലോ. അത് മതി.



ഇടശ്ശേരി ഗോവിന്ദൻനായർ

ഇതുപോലെത്തന്നെ മാപ്പിളപ്പാട്ടിൽ നിരവധി സാഹിത്യരൂപങ്ങൾ (Genres) ഉണ്ട്. മാലപ്പാട്ടുകൾ, പടപ്പാട്ടുകൾ, കത്തുപാട്ടുകൾ മുതലായവ ഉദാഹരണം. അവയൊക്കെ ഇക്കാലത്തും ഉപയോഗക്ഷമമാണെന്നാണ് എന്റെ പക്ഷം. ദുബായിലായിരിക്കുന്ന ഭർത്താവിനെ തന്റെ സങ്കടം അറിയിക്കുന്ന മാപ്പിളപ്പെണ്ണ് ആ പഴയ 'കത്തുപാട്ടി'ന്റെ രൂപം ആണ് ഉപയോഗപ്പെടുത്തുന്നത്. ഇതുപോലെ ഇക്കാലത്തെ ഒരെഴുത്തുകാരനെയോ, നേതാവിനെയോ വാഴ്ത്തിക്കൊണ്ട് 'മാലപ്പാട്ട്' രചിക്കാവുന്നതാണ്. അപ്പോൾ മാലപ്പാട്ട് രചിക്കേണ്ടത് നേർച്ചക്കാരെപ്പറ്റിയാണ്; വിശുദ്ധരെയോ, തങ്ങന്മാരെയോ, ഔലിയാക്കളെയോ മാത്രമേ ആ സാഹിത്യരൂപത്തിൽ പുകഴ്ത്താവൂ എന്നുംപറഞ്ഞ് വരരുത്. മഹാകവി ഇടശ്ശേരി ഗോവിന്ദൻനായർ മുഹമ്മദ് അബ്ദുറഹിമാൻ മരിച്ചപ്പോൾ (1945) അദ്ദേഹത്തെ സ്തുതിച്ചുകൊണ്ടെഴുതിയ മാപ്പിളപ്പാട്ട് "താമരപ്പൂങ്കാവനത്തില് താമസിക്കുന്നോളെ" എന്ന ഇശലിലായിരുന്നു. അബ്ദുറഹിമാനെ നേരിട്ട് അഭിസംബോധന ചെയ്യുന്ന രൂപമാണ് ആ പാട്ടിനുള്ളത്. അദ്ദേഹം മാതൃകയാക്കിയ "താമരപ്പൂങ്കാവനത്തില്" എന്ന പാട്ടും കാമുകൻ കാമുകിയെ അഭിസംബോധന ചെയ്യുന്ന രൂപത്തിലാണല്ലോ. രൂപങ്ങളുടെ സാധ്യതകൾ കൈപകർന്നു പോകുന്നതിന് ഒരു ദാഹരണം പറഞ്ഞുവെന്നു മാത്രം. ഇത് മാലപ്പാട്ട് തുടങ്ങിയ മറ്റു രൂപങ്ങൾക്കും ബാധകമാണ്.



മുഹമ്മദ് അബ്ദുറഹിമാൻ

മാപ്പിളപ്പാട്ടിലെ പ്രാസവ്യവസ്ഥ ചർച്ച ചെയ്യേണ്ട മറ്റൊരു പ്രശ്നമാണ്. കമ്പി, കഴുത്ത്, വാൽക്കമ്പി, വാലുമ്മൽകമ്പി തുടങ്ങി പലവിധം പ്രാസദീക്ഷകൾ നൂറ്റാണ്ടുകളായി ആ പാട്ടുകൃതികളിൽ പുലർന്നുവരുന്നുണ്ട്. ഇവയൊന്നുമില്ലെങ്കിൽ മാപ്പിളാപ്പാട്ടാവില്ലെന്നും ഇന്നത്തെ രചനകളിൽ ഈ പ്രാസവ്യവസ്ഥകൾ ഇല്ലാത്തതുകൊണ്ട് അവയിൽ പലതും ശരിയായ മാപ്പിളപ്പാട്ടല്ലെന്നും പലരും തൊണ്ട കീറി വാദിക്കുന്നത് കേട്ടിട്ടുണ്ട്.

അവർ മനസ്സിലാക്കേണ്ട ചില പ്രധാനപ്പെട്ട വസ്തുതകളുണ്ട്.

1. ഇപ്പറഞ്ഞ പ്രാസവ്യവസ്ഥകളെല്ലാം പഴയ തമിഴ്കൃതികളിലും മലയാളത്തിലെ പാട്ടുസാഹിത്യത്തിലും കണ്ടുവരുന്നവയാണ്. അവയൊന്നും മാപ്പിളപ്പാട്ടുകാരുടെ കണ്ടുപിടിത്തങ്ങളല്ല. ആ കാര്യത്തിൽ മാപ്പിളപ്പാട്ടുകാരുടേതായി പേര് മാത്രമേയുള്ളൂ. രാമചരിതത്തിലും രാമകഥപ്പാട്ടിലും കണ്ടുവരുന്നവയാണ് ഈ പ്രാസവ്യവസ്ഥകളത്രയും. അവയിൽ മോന (കമ്പി), എതുക (കഴുത്ത്), അന്ത്യപ്രാസം (വാൽക്കമ്പി), അന്താദി (വാലുമ്മൽകമ്പി) എന്നൊക്കെ പേര് മാറ്റമെന്ന് മാത്രം.
2. മേൽപറഞ്ഞ പ്രാസവ്യവസ്ഥകളില്ലാത്ത മാപ്പിളപ്പാട്ടുകളും ഉണ്ട്. ഉദാഹരണത്തിന് മുഹിയിദ്ദീൻമാല തന്നെ എടുക്കാം. അതിൽ കഴുത്ത്, വാലുമ്മൽകമ്പി എന്നീ രണ്ടെണ്ണം എവിടെയുമില്ല. മിക്ക സ്ഥലത്തും കമ്പിയുണ്ട്. അതും ചിലേടത്ത് പിഴച്ച കാണാം. വാൽക്കമ്പി പിഴച്ച സ്ഥലങ്ങളും ഉണ്ട്. ആ ഒറ്റക്കാരണം കൊണ്ട് അത് മാപ്പിളപ്പാട്ടല്ലാതായിട്ടില്ല. ആധുനികകാലത്തെ 'കായലരികത്തി'ൽ മിക്ക വരികളിലും ഇപ്പറഞ്ഞതൊന്നുമില്ല. അതു ലക്ഷണമൊത്ത പാട്ടല്ല എന്നു നിങ്ങൾക്ക് പറയാം. ആ പറച്ചിൽ കൊണ്ട് എന്തു പുണ്യം?

പ്രാസവ്യവസ്ഥകളുടെ ഒരു പ്രയോജനം കേൾക്കാനുള്ള ഇമ്പമാണ്. മറ്റൊന്ന് ഓർമ്മിക്കാനുള്ള സൗകര്യമാണ്. എഴുത്തും അച്ചടിയും കുറഞ്ഞ കാലത്ത് ഓർമ്മയെ സഹായിക്കുവാൻ പ്രാസം വളരെ സഹായിക്കും. ഇക്കാലത്ത് പാട്ടുകൾ മുഴുവൻ ഓർമ്മിച്ചു ചൊല്ലുന്ന ആളുകൾ അപൂർവ്വമാണ്. ആ ഒരാവശ്യം പ്രാസം കൊണ്ട് ഇപ്പോഴില്ല എന്നർത്ഥം.

'കമ്പിയും കഴുത്തും' ഇല്ലാതെ മാപ്പിളപ്പാട്ടാവില്ല എന്നു വാദിക്കുന്ന പലരും ഇപ്പോഴത്തെ രചനകൾക്കു കാണുന്ന ഒരേയൊരു കുറ്റം 'കമ്പിയും കഴുത്തും ഇല്ല' എന്നതാണ്. ഞാൻ അതിനെ എതിർക്കുന്നു. ഇപ്പോഴത്തെ രചനകൾക്ക് ഞാൻ കാണുന്ന കുഴപ്പം വേറെ ചിലതാണ്.

**ഒന്ന്:** അവയുടെ പ്രമേയം വളരെ തുച്ഛമാണ്. ഒരു തരത്തിലും മനുഷ്യന് വില തോന്നാത്ത അമ്മായിയുടെ അപ്പത്തരങ്ങൾ' തുടങ്ങിയ വിഷയങ്ങളാണിവയിൽ പ്രതിപാദിക്കപ്പെടുന്നത്.

**രണ്ട്:** മിക്ക രചയിതാക്കൾക്കും വരിയൊപ്പിക്കുവാനല്ലാതെ ഭാവമോ വികാരമോ ആവിഷ്കൃതമാകുന്ന മട്ടിൽ പാട്ടെഴുതുവാനറിഞ്ഞുകൂടാ. പദങ്ങൾ തെരഞ്ഞെടുക്കുവാനോ അന്വയം ശരിപ്പെടുത്തുവാനോ ഉള്ള പ്രാഥമികബോധം പോലും പലർക്കും കമ്മിയാണ്.

**മൂന്ന്:** അവയിൽ സാഹിത്യമോ സംഗീതമോ ഇല്ല. അവ ഈണഭേദങ്ങളായ ഇശലുകളെ അനുസ്മരിപ്പിക്കുന്ന മട്ടിൽ ഗദ്യം മുറിച്ചെഴുതി വെച്ച പാടുന്നതു പോലെ തോന്നിപ്പോകുന്നു.

കമ്പിയും കഴുത്തും ഇക്കാലത്ത് വേണ്ട എന്നാണോ? അല്ല. കമ്പിയും കഴുത്തും പാലിക്കുന്നതുകൊണ്ട് മാത്രം നല്ല പാട്ടാവാത്തതുപോലെ അവ പാലിച്ചില്ലെങ്കിലും പാട്ടിൽ സംഗീതവും ലയവും ഉണ്ടെങ്കിൽ, മാപ്പിളപ്പാട്ടിന്റെ അന്തരീക്ഷമുണ്ടെങ്കിൽ അതു നല്ല മാപ്പിളപ്പാട്ടാവും. മാപ്പിളപ്പാട്ട് എന്നത് പ്രാസദീക്ഷയല്ല; ആ പ്രത്യേകമായ ഈണമാണ്. ഈണത്തെ സഹായിക്കുന്ന കമ്പിയും കഴുത്തും ഉണ്ടായാൽ നന്ന്. പ്രാസമില്ലാതെയും സംഗീതമുണ്ടാക്കാം. നാം കേൾക്കുന്ന മറ്റു മിക്കപാട്ടുകളിലും പ്രാസമില്ലാതെ തന്നെ സംഗീതമുണ്ടല്ലോ.

ഭാഷയുടെ കാര്യത്തിൽ ഒരു കാലത്തുണ്ടായിരുന്ന പക്ഷപാതങ്ങൾ ഏതായാലും ഇക്കാലത്തില്ല. അറബി, പേർസ്യൻ, ഹിന്ദുസ്ഥാനി, സംസ്കൃതം, തമിഴ് തുടങ്ങിയ അന്യഭാഷകളിൽ നിന്ന് നിർല്ലോഭം പദങ്ങൾ സ്വീകരിച്ചുകൊണ്ടാണ് മോയിൻകുട്ടിവൈദ്യരും മറ്റും എഴുതിയിരുന്നത്. ഇത്തരം സങ്കരഭാഷാപ്രയോഗങ്ങളെ ചാക്കീരി മൊയ്തീൻ കുട്ടി തുറന്നെതിർക്കുകയുണ്ടായി. ഇന്നത്തെ മപ്പിളപ്പാട്ടുകളിൽ ഭാഷ വളരെ ലളിതമാണ്. പാട്ടെഴുത്തുകാർക്ക് അന്യഭാഷാപദങ്ങൾ പ്രയോഗിക്കുവാനുള്ള പാണ്ഡിത്യം ഇല്ലെന്നത് ഒരു നിലക്ക് ഭാഗ്യമാണെന്ന് പറയണം. എങ്കിലും അറബി പദങ്ങൾ ഇടക്കിടെ തിരുകിയാലേ മാപ്പിളപ്പാട്ടാവൂ എന്ന് ചിലർ വാദിക്കുന്നത് കേട്ടിട്ടുണ്ട്. ഇതിൽ കഴമ്പൊന്നുമില്ല. അറബിയും മാപ്പിളപ്പാട്ടും തമ്മിൽ അങ്ങനെ ഒഴിവാക്കാനാവാത്ത ബന്ധമൊന്നുമില്ല. പച്ചമലയാളത്തിലെഴുതിയാലും മാപ്പിളപ്പാട്ടാവും. പക്ഷേ, ഒരു കാര്യമുണ്ട്—മാപ്പിളപ്പാട്ടിന്റെ അന്തരീക്ഷം സൃഷ്ടിക്കാൻ മാപ്പിളവാമൊഴിയിൽ നടപ്പുള്ളതും പ്രയോഗംകൊണ്ട് മലയാളമായിത്തീർന്നതുമായ അറബി പദങ്ങൾ തന്നെയാണ് നല്ലത്. ഉദാഹരണത്തിന് ഹൃദയം എന്ന അർത്ഥത്തിൽ ഖൽബ് എന്ന വാക്കാണ് മാപ്പിളപ്പാട്ടിൽ നല്ലത്. ഇതുപോലെ 'സുന്ദരി'യെക്കാൾ 'ഹൂറി' നന്ന്—പി. ഭാസ്ക്കരൻ 'കായലരികത്ത്' എന്നു തുടങ്ങുന്ന പാട്ടിൽ ഇപ്പറഞ്ഞ രണ്ട് അറബി വാക്കുകളും ഉപയോഗിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, ആശയാവിഷ്കാരത്തിനും ഭാവാവിഷ്കാരത്തിനും ഏതു നിലക്കും ഇന്നും ഉപയോഗിക്കാവുന്ന മട്ടിൽ അനേകം സാദ്ധ്യതകളുള്ള ഗാനസാഹിതിയാണ് മാപ്പിളപ്പാട്ട്. അതിന് ആദ്യം വേണ്ടത് ഈ വിഷയം ഒരു സാമുദായികകാര്യമല്ല, കലാവിഷ്കാരത്തിന്റെ പ്രശ്നമാണ് എന്ന തിരിച്ചറിയുകയാണ്.

പ്രമേയം, പ്രാസം, ഭാഷ തുടങ്ങിയ കാര്യങ്ങളിലുള്ള പക്ഷപാതങ്ങളും കടുംപിടുത്തങ്ങളും കയ്യൊഴിച്ച് പുതിയ സാദ്ധ്യതകളിലേക്ക് ചാലുകീറി ഒഴുകുവാനുള്ള മാപ്പിളപ്പാട്ടിന്റെ ശേഷിയെ തടഞ്ഞുവെക്കാതിരിക്കാൻ ബോധപൂർവ്വമായ ശ്രമം വേണം.

ഇപ്പോൾ ഒരു ചോദ്യം വരാം: ഈ തരത്തിലുള്ള പ്രത്യേകതകളൊക്കെ കൈവിട്ടുകഴിഞ്ഞാൽ പിന്നെ അതിനെ മാപ്പിളപ്പാട്ട് എന്ന് വിളിക്കുവാൻ പറ്റുമോ? തനിമ നിലനിർത്തണ്ടേ?

മാപ്പിളപ്പാട്ടിന്റെ തനിമ എന്നു പറയുന്നതിൽ മുഖ്യഭാഗം അതിന്റെ സംഗീതമാണ്, ഈണമാണ്. അതില്ലാതെ പോയാൽ മാപ്പിളപ്പാട്ടില്ലാതാവും. പിന്നെ നൂറ്റാണ്ടുകൾ പഴക്കമുള്ള ചില പ്രത്യേകതകളിൽ കടിച്ചു തൂങ്ങി അതിന്റെ പുതിയ കാലത്തെ സാദ്ധ്യതകൾ ഉപയോഗിക്കാതിരിക്കുന്നതിനേക്കാൾ നല്ലത് ആ ഈണഭേദങ്ങളെ സജീവമായി നിലനിർത്തുക തന്നെയാണ്.

ഇപ്പറഞ്ഞതിന് വേറെ ഒരു ഉദാഹരണം പറയാം: കേരളത്തിലെ ക്ഷേത്രകലകൾ അവയുടെ പല ചിട്ടകളും കയ്യൊഴിച്ച് ആധുനിക കാലത്തും നിലനിന്നുവരുന്നു. കഥകളിയുടെ കാര്യം നോക്കൂ. അതു ക്ഷേത്രമുറ്റത്തു മാത്രമേ അവതരിപ്പിച്ചുകൂടൂ, പുലരും വരെ വേണം എന്നു തുടങ്ങിയ പിടുത്തങ്ങളൊക്കെപ്പോയി. കഥ ഏതുമാവാം, ഭാഷ എത്രയും ലളിതമാവാം, വേഷങ്ങളിൽ പരിഷ്കരണമാവാം എന്നു തുടങ്ങിയ പല പുതുമകളും വന്നുചേർന്നു. 'ക്ഷേത്രകലകൾ' എന്ന പേര് ആ കലാരൂപങ്ങളുടെ ഉൽപ്പത്തിചരിത്രത്തെ സൂചിപ്പിക്കുന്ന ഒരു പ്രയോഗം മാത്രമാണിന്ന്. ഇതുപോലെ 'മാപ്പിളപ്പാട്ട്' എന്ന പ്രയോഗം ആ ഗാനസാഹിതിയുടെ ഉൽപ്പത്തിയെക്കുറിക്കുന്ന ഒരു സൂചകം മാത്രമായി നിലനിന്നാൽ മതി. അതിനപ്പുറം സാമുദായികബന്ധങ്ങളൊന്നും ആവശ്യമില്ല.

മാപ്പിളപ്പാട്ട് മുഖ്യമായും സംഗീതമാണ്. സംഗീതത്തിന്, ഒരു കലയ്ക്കും, സമുദായങ്ങളുടെയോ, മതങ്ങളുടെയോ, വിശ്വാസാചാരങ്ങളുടെയോ, ദേശങ്ങളുടെയോ അതിർവരമ്പുകളെ വിലവെയ്ക്കാനാവുകയില്ല.

കല മനുഷ്യർക്കിടയിലെ അതിർവരമ്പുകളെ ഇല്ലാതാക്കാൻ ഉത്സാഹിക്കുന്നു.

അൽഇർഫാദ് സ്പെഷൽ: സപ്തംബർ 1992.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014